പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1579** **06-03-2017-ലെ മറുപടിയ്ക്ക്**

**കായൽ ഭൂമി കൈയേറി കെട്ടിടനിർമ്മാണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ജോൺ ഫെർണാണ്ടസ് :** | **ഡോ. കെ.റ്റി. ജലീൽ**<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കൊച്ചി താലൂക്കിൽ തോപ്പുംപടി സുറിയാനി പള്ളിക്ക് സമീപത്തായി ചോയ്സ് ഗ്രൂപ്പിന്റെ ഉടമസ്ഥതയിൽ പണിതിട്ടുള്ള ബഹുനില കെട്ടിടം കായൽ ഭൂമി കൈയ്യേറിയാണോ നിർമ്മിച്ചിട്ടുള്ളത്; | (എ) അല്ല. |
| (ബി) നാവികസേന വിമാനത്താവളത്തിനടുത്തായി സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടം നാവികസേനയുടെയും സിവിൽ ഏവിയേഷൻ നിയമപ്രകാരവുമുള്ള അനുമതികൾ വാങ്ങിയിട്ടുണ്ടോ; | (ബി) 02/05/2012 ൽ സിവിൽ ഏവിയേഷൻ ഹെഡ്ക്വാർട്ടേഴ്സ്, സതേൺ നേവൽ കമാന്റ്, കൊച്ചി-4, ൽ നിന്നും എൻ.ഒ.സി ഹാജരാക്കിയിട്ടുണ്ട്. |
| (സി) പുഴയുടെ തീരത്ത് നിർമ്മിച്ചിട്ടുള്ള പ്രസ്തുത ബഹുനില കെട്ടിടം തീരദേശ നിയമപ്രകാരമുള്ള അനുമതി ലഭ്യമായിട്ടുള്ളതാണോ; അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ; | (സി) തീരദേശ നിയമപ്രകാരമുള്ള എൻ.ഒ.സി ലഭ്യമായിട്ടില്ല. എൻ. ഒ.സി യുടെ അപേക്ഷ ലഭിക്കുന്നതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് കത്ത് അയച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പരാതിയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (ഡി) പ്രസ്തുത നിർമ്മാണത്തിനെതിരെ പരാതി ഉള്ളതിനാൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, സൗത്ത് സർക്കിൾ, തിരുവനന്തപുരം ഓഫീസിൽ ഇത് സംബന്ധിച്ച ഫയൽ അന്വേഷണത്തിനായി നൽകിയിട്ടുണ്ട്. പരാതി ഉള്ളതിനാൽ കെട്ടിടത്തിന് നമ്പർ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ